**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3660** **12-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യിലെ ടിക്കറ്റേതര വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കാൻ കെ.എസ്.ആർ.ടി.സി. എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ? | (എ) | ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കാൻ കെ.എസ്.ആർ.ടി.സി. ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:<br><br>നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിലെ കടമുറികൾ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, മൊബൈൽ ടവർ, Public Information System, Public Announcement System, ബസ് സ്റ്റേഷനുകളിൽ ATM കൗണ്ടറുകൾ മുതലായവയിൽ നിന്നും വരുമാനം ലഭിച്ച് വരുന്നു.<br><br>കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി നടപ്പിലാക്കി. കൂടുതൽ ഡിപ്പോകളിലേക്ക് പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിനും, ഡോർ ഡെലിവറി & പിക്കപ്പ് തുടങ്ങുവാനും ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ബസുകളിൽ പരസ്യം പതിപ്പിച്ച് ആയതിലൂടെ വരുമാനം കണ്ടെത്തി വരുന്നു.<br><br>Kerala Irrigation Infrastructure Development Corporation-നുമായി ചേർന്ന് Hilly Aqua എന്ന കുപ്പിവെള്ളത്തിന്റെ വിൽപന ആരംഭിക്കുകയും, എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ബസുകളിലും വ്യാപിപ്പിക്കുന്നതുവഴി വരുമാനം ലഭിച്ചുവരുന്നു.<br><br>കെ.എസ്.ആർ.ടി.സി.യിലെ യാത്രക്കാർക്ക് ഡിപ്പോകളിൽ നിലവാരമുള്ള നല്ല ഭക്ഷണം ലഭ്യമാക്കുന്നതിനായി Restaurant-കൾ, കെ.എസ്.ആർ.ടി.സി.യിലെ യാത്രക്കാർക്ക് ബസുകളിൽ നിലവാരമുള്ള നല്ല ലഘുഭക്ഷണവും പാനീയങ്ങളും ലഭ്യമാക്കുന്ന ഉദ്ദേശത്തോടു കൂടി Onboard refreshment-നുള്ള നടപടികൾ |

പുരോഗമിക്കുന്നു. ഇതും ഒരു വരുമാന സ്രോതസ് ആണ്.

കെ.എസ്.ആർ.ടി.സി.യുടെ വിവിധ ബസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സൗകര്യങ്ങളും, സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് Ladies and Family Waiting Area CSR ഫണ്ട് വിനിയോഗിച്ച് Vivo എന്ന കമ്പനി തിരുവനന്തപുരം സെൻട്രൽ, കോഴിക്കോട്, അങ്കമാലി ഡിപ്പോകളിൽ പ്രവർത്തനം ആരംഭിച്ചു. സമാനമായ രീതിയിൽ Wonderla-യുടെ സഹകരണത്തോടെ എറണാകുളം ഡിപ്പോയിലും പൊതുജനങ്ങൾക്ക് സൗകര്യം വർദ്ധിപ്പിക്കുന്ന ലക്ഷ്യത്തോടെ Paid ശീതികരിച്ച വെയ്റ്റിംഗ് റൂം സജ്ജീകരിച്ചിട്ടുണ്ട്.

ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും കൂടാതെ, ലൂബ് ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കുകയും ഇതിനകം 15 യാത്രാഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും രണ്ട് ലൂബ് ഷോപ്പുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ യാത്രാഫ്യൂവൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കി വരുന്നത്.

പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരുന്നത്.

ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ആഭിമുഖ്യത്തിൽ ടൂറിസം പദ്ധതികൾ കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു;

ഊട്ടി, മൈസൂർ, ധനുഷ്കോടി, കൊടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർ സംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേക്ക് സർവീസുകൾ

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിനായി കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്.<br><br>IRCTC-യുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നു വരുന്നു.<br><br>"കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കുന്ന സ്വകാര്യ സംരംഭകരുടെ ലോഡ്ജ് / ഹോം സ്റ്റേ / ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിയും അന്തിമ രൂപം നൽകി വരുന്നു.<br><br>"കെ.എസ്.ആർ.ടി.സി. റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ / റെസ്റ്റോറന്റ് ശ്യംഖലകൾ വിനോദ സഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസുകളുടെ സിറ്റി റൈഡ് യാത്രകൾക്കായി യാത്രക്കാർക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനം 2024 മേയ് മുതൽ ആരംഭിച്ചു. സമാന രീതിയിൽ ബി.ടി.സി.യ്ക്കായി ഒരു ടൂറിസം വെബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കെ.എസ്.ആർ.ടി.സി.യിലെ ടിക്കറ്റേതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ചതാണ് കെ.എസ്.ആർ.ടി സി. ഡ്രൈവിംഗ് സ്കൂൾ . ആദ്യഘട്ടത്തിലെ 12 ഡ്രൈവിംഗ് സ്കൂളുകളിൽ 10 എണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>(സ്റ്റാഫ് ട്രെയിനിംഗ് സെന്റർ തിരുവനന്തപുരം, കാട്ടാക്കട, വിതുര, ആറ്റിങ്ങൽ, ചാത്തന്നൂർ, ചടയമംഗലം, ചാലക്കുടി, ചിറ്റൂർ, റീജിയണൽ വർക്ക്ഷോപ്പ് എടപ്പാൾ, മാനന്തവാടി) 2 എണ്ണം 2025 മാർച്ച് മാസത്തിൽ ആരംഭിക്കുന്നതാണ്. (റീജിയണൽ വർക്ക്ഷോപ്പ് മാവേലിക്കര, നെടുമങ്ങാട്).<br><br>രണ്ടാം ഘട്ടത്തിൽ 8 സ്ഥലങ്ങളിൽ തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ